മലയാള മനോരമ
25 July 2023

# കോവിഡ് അനന്തര പ്രശ്നങ്ങൾക്ക് കടൽപായൽ ഉൽപന്നം

കൊച്ചി● കോവിഡ് അനന്തര ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരിൽ പ്രതിരോധശേഷി വർധിപ്പിക്കാൻ കടൽ പായലിൽ നിന്നുള്ള ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വികസിപ്പിച്ചു. കടൽ പായലുകളിൽ അടങ്ങിയിരിക്കുന്ന ബയോ-ആക്ടീവ് സംയുക്തങ്ങൾ ഉപയോഗിച്ചു നിർമിച്ച 'കടൽമീൻ ഇമ്യൂണോ-ആൽഗിൻ എക്സ്ട്രാക്ട്' കൊറോണ, ഡെൽറ്റ വകഭേദങ്ങളെ പ്രതിരോധിക്കുമെന്നും പാർശ്വഫലങ്ങളില്ലെന്നും ഗവേഷണത്തിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്നോളജി ഫിഷ് ന്യൂട്രീഷൻ ആൻഡ് ഹെൽത്ത് ഡിവിഷൻ മേധാവി ഡോ. കാജൽ ചക്രവർത്തി പറഞ്ഞു.

മരുന്ന് ആയിട്ടല്ല, ഭക്ഷ്യപൂരകങ്ങളായി ഉപയോഗിക്കുന്നവയാണു ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ.